## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 398 — 04.06.2018 — ൽ മറുപടിക്ക്

## ഭക്ഷ്യ ഭദ്രതാ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യഭദ്രത നിയമം നടപ്പിലാക്കിയശേഷം ലഭിച്ചുകൊണ്ടിരിക്കുന്ന അരിവിഹിതം നിശ്ചിത അളവിൽ റേഷൻ നൽകുന്നതിന് പര്യാപ്തമാണോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള എ.എ.വൈ./ മുൻഗണനാ വിഭാഗങ്ങളുടെ എണ്ണത്തിനും ടി വിഭാഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വിതരണത്തോതിനും ആനുപാതികമായി ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടൈഡ് ഓവർ വിഹിതം, മുൻ കാലങ്ങളിൽ അധിക വിഹിതമുൾപ്പെടെ എ.പി.എൽ വിഭാഗത്തിനു ലഭിമായിക്കൊണ്ടിരുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവിനേക്കാൾ കുറവാണ്. ആയതിനാൽ മുൻഗണനേതര സബ്സിഡിയിതര (NPNS) വിഭാഗത്തിന് റേഷൻ വിഹിതം തൃപ്തികരമാം വിധം നൽകാൻ അപര്യാപ്തമാണ്. |
| (ബി) ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ വിതരണം നടത്തിയതോടെ പ്രതിമാസം അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങളിൽ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഇല്ല. |

| | | | |
|---|---|---|---|
| (സി) | അന്ത്യോദയ, അന്നയോജന ഒഴികെയുള്ള എല്ലാവിഭാഗങ്ങൾക്കും ചുരുങ്ങിയത് അഞ്ച് കിലോ അരി നൽകുന്നതിനായി കൂടുതൽ വിഹിതം അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം ലഭിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ വിഹിതം സംസ്ഥാനത്തിന് അപര്യാപ്തമായതിനാൽ വിഹിതം വർദ്ധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എം.പി. മാരുടെ യോഗത്തിലും ഗവർണ്ണർമാരുടെ യോഗത്തിലും, കേന്ദ്ര ഭക്ഷ്യ പൊതുവിതരണ സെക്രട്ടറി സംസ്ഥാനം സന്ദർശിച്ചപ്പോഴും നിവേദനങ്ങൾ നൽകിയിരുന്നു. എന്നാൽ കേന്ദ്രം അനുകൂലമായ നടപടികൾ ആയതിന്മേൽ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് 15.05.2018-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സർവ്വ കക്ഷിയോഗം ചേരുകയും ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിച്ച് നൽകുന്നതിനായി കേന്ദ്രസർക്കാരിന് നിവേദനം നൽകുവാൻ സർവ്വകക്ഷി സംഘത്തെ അയയ്ക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഇതു സംബന്ധിച്ച് സർവ്വകക്ഷി നിവേദക സംഘം പ്രധാനമന്ത്രിയെ കാണുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ